ശ്രീ. പി. സി. ജോർജ് : സർ, ജനകീയ പോലീസ് എന്ന ഒരു നിർദ്ദേശം ഈ സംസ്ഥാനത്ത് ജനങ്ങളുടെയിടയിലും ആയിട്ടുണ്ട്. ജനങ്ങളുടെ സഹകരണത്തോടും പിന്തുണയോടും കൂടി പല കാര്യങ്ങളും നടക്കുന്നുണ്ട്. എന്റെ അനുഭവത്തിൽ, എന്റെ നാട്ടിൽ ഒരു സംഭവമുണ്ടായി. ഞാനത് പത്രക്കാരോടും പറയുകയുണ്ടായി. 1989-ൽ എന്റെ നിയോജകമണ്ഡലത്തിലെ ഹെഡ്ക്വാർട്ടേഴ്സിൽ വ്യാപകമായ മോഷണം പെരുകിക്കഴിഞ്ഞപ്പോൾ അമ്പതോളം ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് പോലീസ് ഒരു നീക്കം നടത്തി. രണ്ടു ദിവസത്തിനകം ഈരാറ്റുപേട്ട പട്ടണത്തിലെ ഒരു കടയുടെ തട്ടിൻപുറത്തുനിന്നും ഒരു കള്ളനെ പിടിച്ചെടുത്തു. അവൻ തൃശ്ശൂരുകാരനായിരുന്നു. അറിയപ്പെടുന്ന മോഷ്ടാവായിരുന്നു. ജനകീയപോലീസ് എന്നുപറഞ്ഞാൽ ഇവർ എന്തിനാണ് ഭയപ്പെടുന്നത് ? ഈ സംഭവം മുഴുവൻ ജനങ്ങളുമായി ചർച്ച ചെയ്തു. നിയമസഭയിൽ ചർച്ച ചെയ്യും ക്യാബിനറ്റിൽ വയ്ക്കും എന്ന് വളരെ വ്യക്തമായി മുഖ്യമന്ത്രി സഭയിൽ പല പ്രാവശ്യം പറഞ്ഞുകഴിഞ്ഞു. ഈ സംസ്ഥാനത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പ്രതിപക്ഷം നടത്തുന്ന ഈ കുൽസിത ശ്രമം പരാജയപ്പെടുത്താൻ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, ജനങ്ങളുടെ സഹകരണത്തോടു കൂടി മാത്രമേ ഈ പദ്ധതി നടപ്പാക്കുകയുള്ളൂ. ഒരു കുൽസിത പ്രവർത്തനത്തിനും ഇവിടെ സാധ്യമല്ല.

ശ്രീ. ഉമ്മൻചാണ്ടി : സർ, ജനകീയ പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും സംസ്ഥാനത്തിലേയ്ക്ക് ഇവിടെനിന്നും ആരെയെങ്കിലും വിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെവിട്ടു ; ഏതെങ്കിലും സംസ്ഥാനങ്ങളിലേയ്ക്ക് വിട്ടു എന്ന് വെളിപ്പെടുത്താൻ മുഖ്യമന്ത്രി തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, വിട്ടിട്ടുണ്ടോ എന്നുള്ള ചോദ്യം കഴിഞ്ഞാണല്ലോ ആരെ വിട്ടു എന്നുള്ളത്. വിട്ടു കഴിഞ്ഞിട്ടില്ല. വിടാൻവേണ്ടി ഉദ്ദേശിക്കുന്നു. എക്സ്പെർട്ട്സിനെ അയയ്ക്കും. അത്രേയുള്ളൂ.

മി. സ്പീക്കർ : ചോദ്യം നമ്പർ 2, 6, 7, 14, 17, 30 എന്നിവ ക്ലബ് ചെയ്തെടുക്കാം. ഇത് പ്രധാനപ്പട്ട ചോദ്യങ്ങളാണ്. അതുകൊണ്ടാണ് ക്ലബ് ചെയ്തെടുക്കണമെന്ന ആവശ്യം ഉയർന്നുവന്നിരിക്കുന്നത്. സാധാരണ നിലയിലുള്ളതല്ല എന്ന് ചെയർ മനസ്സിലാക്കുന്നു.

ഉദ്യോഗസ്ഥ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം

3 (*2) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ . എൻ. ആർ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഉദ്യോഗസ്ഥ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച് പി.എസ്.സി. അധികൃതർ ജോസഫ് കമ്മീഷനെ തെറ്റിദ്ധരിപ്പിച്ചെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ സത്യാവസ്ഥ കണ്ടെത്തുന്നതിനും യഥാർത്ഥ കണക്കുകൾ ശേഖരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെതുൾപ്പെടെ സംവരണം മൊത്തം തസ്തികകളുടെ 50 ശതമാനത്തിൽ കവിയാൻ പാടില്ല. എന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് 60 ശതമാനം പ്രാതിനിധ്യം പിന്നോക്കക്കാർക്ക് ലഭിച്ചിട്ടുണ്ടെന്ന് പി.എസ്.സി. അധികൃതർ ജോസഫ് കമ്മീഷന് രേഖ നൽകിയതായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) കൃത്രിമ രേഖയുണ്ടാക്കി സംവരണ വ്യവസ്ഥ അട്ടിമറിക്കാൻ പി.എസ്.സി. അധികൃതർ കൂട്ടുനിന്നു എന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ആരുടെയെങ്കിലും പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉദ്യോഗനിയമനങ്ങളിലെ പിന്നോക്ക പ്രാതിനിധ്യത്തിന്റെ വകുപ്പ് തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) ഇത്തരത്തിൽ ഒരു പരാതിയും രേഖാമൂലം സർക്കാരിനു ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം പരിശോധിക്കുന്നതിന് ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായി ഒരു മൂന്നംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരത്തിൽ ഒരു പരാതിയും രേഖാമൂലം സർക്കാരിനു ലഭിച്ചിട്ടില്ല.

(എഫ്) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പിന്നോക്ക വിഭാഗക്കാർക്ക് സംവരണം

4(*6) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly